കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ച ജീപ്പ്

366 [475] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ചിരുന്ന ജീപ്പ് ആ ബ്ലോക്കിലേക്ക് കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കൊടുക്കുവാൻ നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ, ബി) കിളിമാനൂർ ബ്ലോക്കിലേക്ക് അനുവദിച്ച ഡീസൽ ജീപ്പ് പാറശ്ശാല ബ്ലോക്കിലേക്ക് അലോട്ടു ചെയ്തു. പാറശ്ശാല ബ്ലോക്കിൽ 150 സാക്ഷരതാ കേന്ദ്രങ്ങൾ കൂടുതലായി നടക്കുന്നതുകൊണ്ട് അവിടെ ഇന്ധന ചെലവ് കുറയ്ക്കുന്നതിനുവേണ്ടിയാണ് ഡീസൽ ജീപ്പ് അവിടേക്കു നൽകിയത്. കിളിമാനൂർ ബ്ലോക്കിന് ഉപയോഗപ്രദമായ മറ്റൊരു ജീപ്പ് നൽകിയിട്ടുണ്ട്.

അഴുത ബ്ലോക്കിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വീടുപണി

367 [476] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേട് നിയോജക മണ്ഡലത്തിൽപ്പെട്ട അഴുത ബ്ലോക്കിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ നിർമ്മിക്കാൻ നിശ്ചയിച്ചിരുന്ന വീടുകളുടെ പണി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

അഴുത ബ്ലോക്കിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അനുവദിച്ചിട്ടുള്ള വീടുകളുടെ പണി എത്രയുംവേഗം തീർക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നേരത്തെതന്നെ നിർദ്ദേശം നല്കിയിട്ടുണ്ട്.

കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്ററിന്റെ കെട്ടിടം പണി

368 [477] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളം ബ്ലോക്കിലെ പനച്ചിക്കാട് പഞ്ചായത്തിലെ കടുവാക്കുളം ഹരിജൻ കോളനിയിലെ റിക്രിയേഷൻ സെന്ററിനുവേണ്ടി കെട്ടിടം പണിയുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പരിഗണിക്കാവുന്നതാണ്.

ആർ. എൽ. ഇ. ജി. പി., എൽ. ആർ. ഇ. പി. പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനു നല്കുന്ന സർട്ടിഫിക്കറുകൾ

369 [478] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർ. എൽ. ഇ. ജി. പി., എൽ. ആർ. ഇ. പി. എന്നീ പദ്ധതികൾ പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകർക്ക് എം. പി. മാരും എം. എൽ. എ. മാരും നല്കുന്ന സർട്ടിഫിക്കറ് മതിയാകുന്നതാണെന്ന് നിർദ്ദേശിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly